**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4348** **25.06.2019 ൽ** മറുപടിക്ക്

**എം.ജി.റോഡ് -സീപോർട്ട് എയർപോർട്ട് റോഡിന്റെ വികസനം**

| | ചോദ്യം<br>**ശ്രീ.പി.ടി.തോമസ്** | മറുപടി<br>**എ.സി. മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
|---|---|---|
| എ) | എറണാകുളം ജില്ലയിലെ പുല്ലേപ്പടി-തമ്മനം ബൈപ്പാസ് വഴി സീ പോർട്ട് എയർ പോർട്ടിൽ എത്തിച്ചേരുന്ന എം.ജി.റോഡ് - സീ പോർട്ട് എയർ-പോർട്ട് റോഡിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ; | എ) കൊച്ചി നഗരസഭ തമ്മനം- പുല്ലേപടി റോഡ് എറണാകുളം പത്മജംഗ്ഷനിൽ തുടങ്ങി ബൈപ്പാസ് റോഡ് വരെയുള്ള വികസനത്തിന്റെ അലൈൻമെന്റ് തയ്യാറാക്കി പൊന്നും വില നടപടികൾ സ്വീകരിച്ചു വരുന്നു.<br>ബൈപ്പാസ് മുതൽ സീപോർട്ട് - എയർപോർട്ട് വരെയുള്ള റോഡിനെ സംബന്ധിച്ച് അലൈൻമെന്റ് തയ്യാറാക്കുകയോ മറ്റു നടപടികളോ, കൊച്ചി നഗരസഭയിൽ നിന്നും ചെയ്തിട്ടില്ലാത്തതാണ്. |
| ബി) | സ്ഥലം ഏറ്റെടുത്ത് പ്രസ്തുത റോഡ് അടിയന്തിരമായി പൂർത്തീകരിക്കുന്ന-തിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | ബി) പത്മജംഗ്ഷൻ മുതൽ ബൈപ്പാസ് വരെ ആകെ റോഡിനുവേണ്ടി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം - 7.6421 ഹെക്ടറും, ഫ്രീ സറണ്ടർ പ്രകാരവും പൊന്നും വില നടപടികൾ പ്രകാരവും ഏറ്റെടുത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം - 3.5274 ഹെക്ടറുമാണ്. റോഡിനുവേണ്ടി ഇനിയും ആവശ്യമായ 4.1147 ഹെക്ടർ സ്ഥലം ഏറ്റെടുക്കൽ കൊച്ചി നഗരസഭ ടൗൺപ്ലാനിംഗ് കമ്മിറ്റിയുടെ ഉത്തരവുകൾക്ക് വിധേയമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ